# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :7117 — 11.07.2014 ൽ മറുപടി നൽകേണ്ടത്

## ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ആധാരം വ്യാജമാണെന്ന കണ്ടെത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ. | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഏതെങ്കിലും വസ്തുവിന്റെ ആധാരം വ്യാജമാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വസ്തുവിന്റെ ആധാരമാണ് വ്യാജമെന്ന് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ ; | എ) കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 1600/1923ാം നമ്പർ പ്രമാണം വ്യാജമാണെന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിൽ കണ്ടെത്തുകയും തിരുവനന്തപുരം വിജിലൻസ് കോടതിയിൽ വി.സി.09/13/എസ്.ഐ.യു 11 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുമുണ്ട്. |
| ( ബി ) ഈ കണ്ടെത്തൽ ലാന്റ് റവന്യൂ കമ്മീഷണർ ശരിവച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | ബി) വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയിട്ടുണ്ട് |
| ( സി ) ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് തുടർനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; | സി) കേസ് അന്വേഷണം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ അന്വേഷണത്തിൻമേൽ മറ്റ് തുടർനടപടി സ്വീകരിക്കുന്നത് തൽക്കാലത്തേക്ക് നിർത്തിവച്ചിരിക്കുകയാണ്. സ്റ്റേ നീക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| ( ഡി ) വിജിലൻസിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നെന്ന് വ്യക്തമാക്കുമോ; | ഡി) വ്യാജമായി ചമച്ച 1600/1923 എന്ന പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ഹാരിസൺ മലയാളം ലിമിറ്റഡ് 08.03.1985 ൽ പുനലൂർ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 1008/1985 എന്ന ആധാരത്തിലും,31.03.2004 ൽ പീരുമേട് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 1150/1/2004 എന്ന ആധാരത്തിലും 24.06.2005 ൽ പുനലൂർ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 2840/05 എന്ന ആധാരത്തിലും 02.08.2005 ൽ എരുമേലി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 2329/05 എന്ന ആധാരത്തിലും സ്ഥലങ്ങൾ വില്പന നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി 1600/1923 എന്ന പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. |
| ( ഇ ) ഈ കണ്ടെത്തലുകൾക്ക് എതിരെ ഹാരിസൺ മലയാളംകോടതിയിൽ നിന്ന് അനുകൂലമായി വിധി സമ്പാദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | ഇ) മേൽ പരാമർശിച്ചിരിക്കുന്ന വിജിലൻസ് കേസിന്റെ അന്വേഷണത്തെ തടഞ്ഞുകൊണ്ട് ഹാരിസൺ മലയാളം ലിമിറ്റഡ് ബഹു കേരള ഹൈക്കോടതിയിൽ നിന്നും .Crl.MC 6447/13 എന്ന നമ്പരിൽ വിധി സമ്പാദിച്ചിട്ടുണ്ട്. |

| | |
|---|---|
| ( എഫ് ) കോടതിയിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | എഫ്) കേസന്വേഷണം തടഞ്ഞുകൊണ്ടുള്ള ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അനുമതിയോടെ സീനിയർ ഗവൺമെന്റ് പ്ളീഡർ മുഖാന്തിരം തുടരന്വേഷണം നടത്തുന്നതിന് തടസങ്ങൾ നീക്കണമെന്ന സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. |

C.K.V. Kumar

സെക്ഷൻ ഓഫീസർ